# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.എം.പി.എം.24/590/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/04/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.എം.പി.എം.24/590/2023 തീയ്യതി: 05/04/2023

## മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-05-2022 മുതൽ 24-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 25-03-2023 | 31-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-03-2023 | 31-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ ഗഫൂർ.സി ഓഡിറ്റ് ഓഫീസർ
ശ്രീമതി.അസീന എ.പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മുഹമ്മദ് നൗഷാദ് എ.കെ ഓഡിറ്റർ
ശ്രീമതി.സക്കീന .കെ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹുസൈൻ.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. അനീഷ്.കെ, | അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 01-04-2021 | 06-04-2021 |
| | | 26-05-2021 | 04-06-2021 |
| ശ്രീ.രാജേഷ്.എം | സെക്രട്ടറി | 07-04-2021 | 18-05-2021 |
| | | 05-06-2021 | 31-03-2022 |
| ശ്രീ.സുനിൽ.എച്ച്.കെ | ജൂനിയർ സൂപ്രണ്ട്(സെക്രട്ടറി-ഇൻ-ചാർജ്ജ്) | 19-05-2021 | 25-05-2021 |
| ശ്രീമതി.രംജിത.പി | കൃഷി ഓഫീസർ | 01-04-2021 | 25-08-2021 |
| ശ്രീ.ഉണ്ണികൃഷ്ണൻ.ആർ | കൃഷി ഓഫീസർ | 26-08-2021 | 31-03-2022 |
| ഡോ.ശരണ്യ കെ.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 29-11-2021 |
| ഡോ.ബസീല മോൾ ബി.എ | വെറ്ററിനറി സർജൻ | 30-11-2021 | 31-03-2022 |
| സരസ്വതി,കെ,കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗീത | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ.അനീഷ് .കെ | അസിസ്ററന്റ് സെക്രട്ടരി | 01-04-2021 | 09-07-2021 |
| ആനന്ദൻ കെ.സി | ഹെഡ്ക്ളർക്ക് (അസിസ്റ്റന്റ്സെക്രട്ടറി-ഇൻ-ചാർജ്ജ്) | 10-07-2021 | 21-07-2021 |
| നജീബ് .കെ | അസിസ്ററന്റ് സെക്രട്ടരി | 22-07-2021 | 31-03-2022 |
| ഡോ.അനുപമ വി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 19-04-2021 |
| | | 18-06-2021 | 31-03-2022 |
| ഡോ.സുബിൻ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 20-04-2021 | 17-06-2021 |
| ഡോ.ഫാത്തിമ.എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്ത് കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽകുമർ ചോലാട്ട് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം. | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ സി ആര്‍ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാര്‍ഷിക ധനകാര്യ പത്രിക പരിശോധന-അപാകതകള്‍. | 1-11 |
| 12 | തൊഴില്‍ നികുതി ഈടാക്കിയില്ല. | 1-12 |
| 13 | വസ്തുനികുതി കുറവായി ഈടാക്കി | 1-13 |
| 14 | ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസന്‍സ് അനുവദിച്ചു | 1-14 |
| 15 | മൊബൈല്‍ ടവറിന്റെ വസ്തുനികുതി നിര്‍ണയിച്ചതില്‍ അപാകത | 1-15 |
| 16 | വസ്തു നികുതി - ടോയ്‌ലറ്റ് ഭാഗത്തിന് നികുതി നിര്‍ണ്ണയിച്ചിലല്‍ | 1-16 |
| 17 | വസ്തു നികുതി - സ്റ്റെയര്‍ ഏരിയക്ക് നികുതി നിര്‍ണ്ണയിച്ചിലല്‍ | 1-16-1 |
| 18 | വാര്‍ത്താവിനിമയ ഗോപുരങ്ങളുടെ പെര്‍മിറ്റ്/നമ്പറിംഗ് - അപാകതകള്‍ | 1-17 |
| 19 | ഐ.സി.ഡി.എസ് -ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകത | 1-18 |
| 20 | പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് പഠന മേശയും കസേരയും നല്‍കല്‍ പദ്ധതി-അപാകതകള്‍. | 1-19 |
| 21 | ഹരിതകര്‍മ്മസേന-പ്രവര്‍ത്തനം ശക്തിപ്പെടുത്തേണ്ടതാണ്. | 1-20 |
| 22 | പരിരക്ഷ നേഴ്സിന് പ്രതിമാസ ഇന്‍സെന്റീവ് അധികം അനുവദിച്ചു | 1-21 |
| 23 | ഡയാലിസിസ് രോഗികള്‍ക്ക് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-22 |
| 24 | മുന്‍കൂര്‍ തുക നല്‍കിയിട്ടും ലാപ്ടോപ്പ് , പ്രിന്റര്‍ ലഭ്യമായില്ല | 1-23 |
| 25 | സപ്ലിമെന്ററി ന്യൂട്രിഷന്‍ പ്രോഗ്രാം- പൊതു അപാകതകള്‍ | 1-24 |
| 26 | ഭിന്നശേഷി സ്കോളര്‍ഷിപ്പ് വിതരണം - അപാകതകള്‍ | 1-25 |
| 27 | IT ഈടാക്കിയില്ല | 1-26 |
| 28 | ജനനി പദ്ധതി- മുന്‍കൂര്‍ തുക നല്‍കി- ഹോംകോയില്‍ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല | 1-27 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികള്‍ - പൂര്‍ത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 30 | കോക്ലിയാര്‍ ഇംപ്ലാന്റുകളുടെ മെയിന്റനന്‍സ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക അടവാക്കി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-29 |
| 31 | തെരുവ് വിളക്ക് റിപ്പയര്‍- അപാകതകള്‍ | 1-30 |
| 32 | വര്‍ക്കിംഗ് ഗ്രൂപ്പുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമല്ല | 1-31 |
| 33 | സ്കൂളുകള്‍ക്ക് കായികോപകരണങ്ങള്‍ - വിതരണത്തിലെ അപാകതകള്‍ | 1-32 |

| | | |
|---|---|---|
| 34 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതി-അപാകതകൾ. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ ഭരണസമിതി തീരുമാനം നമ്പർ/തിയ്യതി | ബജറ്റ് പുതുക്കിയ ഭരണസമിതി തീരുമാനം നമ്പർ/തിയ്യതി |
|---|---|
| 26.02.21ലെ 1(1) നമ്പർ തീരുമാനം | 05.04.22ലെ 2(1) നമ്പർ തീരുമാനം |

കുറിപ്പ്: 2021-22 ലെ പുതുക്കിയ ബജറ്റ് 14.03.2022 ലെ 1ാം നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിരുന്നെങ്കിലും ആയത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത് സാമ്പത്തിക വർഷത്തിന് ശേഷമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 29.07.2022 |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 7556962 |
| വരവ് | 110948216 |
| ആകെ | 118505178 |
| ചെലവ് | 95292451 |
| നീക്കിയിരിപ്പ് | 23212727 |

### 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17238799 | 17238799 | 17238799 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 4866518 | 4866518 | 4498334 | 368184 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 14813000 | 14813000 | 14813000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6677609 | 6677609 | 6595660 | 81949 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 7227556 | 7227556 | 5889010 | 1338546 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 3840944 | 3840944 | 4035060 | -194116 |
| ബി ഫണ്ട് | 0 | 65380260 | 65380260 | 65380260 | 0 |

1-4(1)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന -അപാകതകൾ.

1)ചുവടെ ചേർത്ത ഫണ്ടുകൾ വരവ് തുക വാർഷിക കണക്ക്/എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | വാർഷിക കണക്ക്(RP7), എ.സി.ആർ. | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട് ജനറൽ | 17238799 | 19124000 |
| വികസന ഫണ്ട് SCP | 4498334 | 4513000 |

2) CSS, SSS എന്നീ ഗ്രാന്റുകളിൽ വരവില്ല. എന്നാൽ ചുവടെ ചേർത്ത പ്രകാരം ചെലവും നെഗറ്റീവ് നീക്കിയിരിപ്പും രേഖപ്പെടുത്തിക്കാണുന്നു.

| ഗ്രാന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| CSS | 4159969 | -4159969 |
| SSS | 3100000 | -3100000 |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.21/2021-22/30.03.2023 ൽ സൂചിപ്പിച്ചതാണ്, മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 232 | 96238803 | 205 | 75731108 | 0 | 27 | 88.36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 34897 | 384181 | 419078 | 82500 | 336578 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 15227217 | 15227217 | 15227217 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3064400 | 170 |
| വിധവാപെൻഷൻ | 22002100 | 1285 |
| വാർദ്ധക്യകാല പെൻഷൻ | 31547100 | 1995 |
| ഭിന്നശേഷി പെൻഷൻ | 7746500 | 483 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 959200 | 61 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| തൊഴിൽരഹിത വേതനം | 960 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.03.2023 10.30 എ.എം. ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 44632/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യുകയും പദ്ധതി

ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനസ് ബുക്കുകൾ, പദ്ധതി ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഇത്തരത്തിൽ മോണിറ്ററിംഗ് നടക്കുന്നില്ല എന്ന് കാണുന്നു.

2) തെരുവ് വിളക്കുകളുടെ പരിപാലവും മോണിറ്ററിംഗും കാര്യക്ഷമമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി പദ്ധതി പ്രകാരം നടന്നു വരുന്നുണ്ടെങ്കിലും ആയത് നിരീക്ഷിക്കുന്നതിന് തെരുവ് വിളക്ക് കംപ്ലയിന്റ്/മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.12.2022 | 8 /22 മുതൽ 12/22 വരെ | 15.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.06.2016-15.06.2016 | 2011-2012 To 2015-16 | 14.07.2016 |

## 1-11 വാർഷിക ധനകാര്യ പത്രിക പരിശോധന-അപാകതകൾ.

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഓഡിറ്റ് റിക്കവറി ഇനത്തിൽ 798/-രൂപ വരവുള്ളതായി വാർഷിക കണക്ക് RP10ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

2) ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ലഭ്യമാക്കിയ ബാങ്ക് റിക്കൺസിലേഷൻ പത്രിക പ്രകാരം 15th CFC Grant PFMS(450020101) അക്കൗണ്ടിൽ 2022 മാർച്ച് 31ന് നീക്കിയിരിപ്പ് 1538304 രൂപയാണ്. എന്നാൽ RP 40(b) പ്രകാരം 1274354 രൂപയാണ് നീക്കിയിരിപ്പ്. 263950 രൂപയുടെ വ്യത്യാസം.

3) സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ 850 രൂപ വരവുണ്ട്(RP4). രജിസറ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം ഇനത്തിൽ 60,000/- രൂപ വരവും ചെലവുമുണ്ട്. എന്നാൽ ഇത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) വസ്തു നികുതി-വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയപത്രിക പ്രകാരം | വാർഷികകണക്ക് പ്രകാരം | സഞ്ചയപത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയപത്രിക പ്രകാരം |
| തൻവർഷം | 5310614 | 5310614 | 5266119 | 5300600 | 0 | 0 |
| കുടിശ്ശിക | 665878 | 759085 | 759085 | 761007 | 0 | 0 |

6) Other Rent ഇനത്തിൽ RP3 പ്രകാരം 15120 രൂപ വരവുണ്ട്. തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

7) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള വിഹിതത്തിൽ ആകെ 855159/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B17, Rp40(b) എന്നിവ പ്രകാരം ഈ ഉദ്ദേശത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ 582420/- രൂപ മാത്രമാണ് നീക്കിയിരിപ്പ്. ടി ബാങ്ക് അക്കൗണ്ട് നിലവിൽ ക്ലോസ് ചെയ്തിട്ടുമില്ല.

8) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള ICDS, SSA, PYCKA എന്നീ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയവക്ക് ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.21/2021-22/30.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വ്യാപാര ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കൂടുതൽ ജോലിക്കാരുള്ളതായി അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ഡിമാന്റ് ചെയ്തതായോ സ്ഥാപനം ആയവ സമർപ്പിച്ച വരുമാനത്തിനനുസരിച്ചിട്ടുള്ള തൊഴിൽ നികുതി അടവാക്കിയതായോ കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നമ്പർ | സമർപ്പിക്കപ്പെട്ട അപേക്ഷയിലെ ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|
| 1 | നിഅമത്ത് പ്ലൈ അസ്സോസിയേറ്റ് | 128 | 11 | 1,2 |
| 2 | പാണക്കാട് ഓട്ടോസർവ്വീസസ് | 2 | 4 | 1,2 |
| 3 | റോയൽ ഹോളോബ്രിക്സ് | 47 | 4 | 1,2 |
| 4 | കട്ടൂർ JCB | 50 | 28 | 1,2 |
| 5 | KAT LABMODULAR INFRATECH LLP | 57 | 4 | 1,2 |
| 6 | വിക്കി ഫാബ് മോഡുലാർ സൊല്യൂഷൻസ് | 58 | 4 | 1,2 |
| 7 | വിമാസ് ഇൻഡസ്ട്രിയൽ | 212 | 10 | 1,2 |
| 8 | മലബാർ മെറ്റൽ | 276 | 5 | 1,2 |
| 9 | ന്യൂ വി കെ മെറ്റൽ ഇന്റസ്ട്രീസ് | 278 | 9 | 1,2 |

മേൽ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. [ഓഡിറ്റ് എൻക്വയറി നമ്പർ 20/30.03.2023]കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി കുറവായി ഈടാക്കി

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയിച്ച് നമ്പറിംഗിനായി സമർപ്പിച്ച ഫയൽ (A6/940/22/26-2-22)പരിശോധിച്ചതിൽ ശ്രീ. അബ്ദുൽ അസീസ്, കുരിമണ്ണിൽ എന്ന കെട്ടിട ഉടമയുടെ റീസർവ്വെ നമ്പർ 14/12-5,14/7-16എന്ന സ്ഥലത്ത് നിർമ്മിച്ച ലോഡ്ജ്-വാണിജ്യ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ത്തിന്റെ തരം | നികുതി നിർണ്ണയിച്ച തറവിസ്തീർണ്ണം (M2) | നികുതി നിർണ്ണയിക്കേണ്ട തറവിസ്തീർണ്ണം (M2) | അനുവദിച്ച കെട്ടിട നമ്പർ | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ്/ വർദ്ധനവ് | നികുതി പ്രാബല്യ തീയ്യതി |
|---|---|---|---|---|---|---|---|
| വാണിജ്യം | 116.88 M2 | GROUND FLOOR =116.75m2<br>FIRST FLOOR =116.75m2<br>STAIR ROOM=14.75<br>TOTAL=248.25 | 7/516 A,B,C,E (4*19.45 =77.8ചമീ)<br>7/516 F,H (2*19.54=39.08ചമീ)<br>TOTAL=116.88ചമീ | (248.25*30)+ 20% വർദ്ധനവ് =7447.5+1489.5 =8937+445(LC) =9382 | (116.88*30)+20% വർദ്ധനവ് =3506.4+ 701.28 =4208+211(LC) =4419 | 4963 (കുറവ്) | 2021-2022 സെക്കന്റ് ഹാഫ് |
| ലോഡ്ജ് | | GROUND FLOOR= 173.36 M2 | 7/516 J=21.9ചമീ<br>7/516 K,L,M,N,P | (346.68*20)+20% വർദ്ധനവ്=6933.6+ | (465.83*20)+ 20% | 3003 (അധികം | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | FIRST FLOOR= 173.36<br>TOTAL= 346.72m2 | =19.45*5=97.25ചമീ<br>7/516Q,R,T,U,V,W =57.78*6 =346.68ചമീ<br>ആകെ=465.83ചമീ | 1386.72 =8320+416(LC) =8736 | വർദ്ധനവ് =9316.6+ 1863 =11180+559(LC) =11739 | നിർണയിച്ച) | |

മേൽ അപാകത മൂലം വസ്തുനികുതി ഇനത്തിൽ ആകെ (4963-3003)1960/-രൂപയുടെ കുറവ് വന്നിട്ടുണ്ട്.വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/28.03.23) മറുപടി ലഭ്യമാക്കിയില്ല.. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ലൈസൻസ് അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് ഒക്കുപ്പൻസി അനുവദിച്ച/നികുതി നിർണ്ണയിച്ച അതേ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് തന്നെയാണോ ലൈസൻസ് അനുവദിക്കുന്നത് എന്നത് പ്രത്യേകം പരിശോധിക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത ലൈസൻസുകൾ അനുവദിച്ചപ്പോൾ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പാർപ്പിട കെട്ടിടങ്ങളിലും,ഓഫീസ് കെട്ടിടങ്ങളിലും വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | കെട്ടിട നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമ, തരം |
|---|---|---|---|---|
| 1 | 263 | 3/346 | ഹൈഗ്ലോസ് ഫർണ്ണിച്ചർ | അബ്ദുറഹമാൻ,പാർപ്പിടം |
| 2 | 242 | 2/539 | ചെമ്പാട്ട് ഫർണ്ണിച്ചർ | രാഘവൻ, പാർപ്പിടം |
| 3 | 221 | 4/424 | സ്നേഹ തീരം,മലബാർ ഫുഡ് പ്രോഡക്റ്റ് ഫ്ലോർമിൽ | കൈത്തറി,കയറുപിരി ഷെഡ്<br>റഹീമ |
| 4 | 211 | 2/476 | ഇലാജ് ഹെർബൽ ആയുർവേദിക് മരുന്ന് നിർമ്മാണം | ലുക്മാനൽ ഹകീം<br>ഓഫീസ് ആവശ്യം |
| 5 | 189 | 7/114 | ഗോ ഡൗൺ ആയി ഉപയോഗിക്കുന്നതിന്. | കുഞ്ഞുണ്ണീൻ,പാർപ്പിടം |
| 6 | 70 | 3/320 A മുതൽ Fവരെ | പാർമിലി മാർട്ട് , സൂപ്പർ മാർക്കറ്റ് | ശ്രീ റഷീദ് .പാറക്കൽ വീട്<br>3/320 A,B വാണിജ്യം<br>3/320 C,D,E,F പാർപ്പിടം |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/29-3-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ടി സ്ഥാപനങ്ങളുടെ കെട്ടിടം തരം മാറ്റുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.2.2022ലെ ആർ.ടി 3/94/2020/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കണമെന്ന് സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഇൻഡസ് ടവേഴ്സിന്റെ മൊബൈൽ ടവറിന്റെ നമ്പറിങ്ങിനായുള്ള അപേക്ഷകൾ പ്രകാരം വസ്തുനികുതി നിർണയിച്ച് നമ്പർ അനുവദിച്ചതിൽ ടവറിന്റെ തറവിസ്തീർണം,ഷെൽട്ടർ(12.65ചമീ),DG റൂം(4.5 ചമീ)എന്നിവയുടെ തറ വിസ്തീർണം മുഴുവനായി നികുതി നിർണയത്തിന് പരിഗണിച്ചിട്ടില്ല. ഇൻഡസ് ടവേഴ്സ് മൊബൈൽ ടവറുകളുടെ നമ്പറിങ്ങിനായി നൽകിയ അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A3/1907 /21/25-5-21 |
| പെർമിറ്റ് നമ്പർ | A3/245 /20/4-2-20 |
| വില്ലേജ് | കുട്ടിലങ്ങാടി |
| ഒക്ക്യുപ്പൻസി അനുവദിച്ച തീയ്യതി | 27-7-21 |

| | |
|---|---|
| സർവ്വെ നമ്പർ | 76/4-22 |
| നികുതി നിർണയത്തിന് പരിഗണിച്ച വിസ്തീർണം | 10.5ചമീ |
| അനുവദിച്ച നമ്പർ | 12/406A |

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/29.03.23) മറുപടി ലഭ്യമാക്കിയില്ല. ടവറിന്റെ വസ്തുനികുതി സർക്കാർ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തു നികുതി - ടോയ്‌ലറ്റ് ഭാഗത്തിന് നികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയിച്ച് നമ്പറിംഗിനായി സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ടോയ്‌ലറ്റ് ബ്ലോക്കിന്റെ തറ വിസ്തീർണ്ണത്തിന് വസ്തു നികുതി ചുമത്തിയില്ല എന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A3/3729/21/27-8-21 |
| കെട്ടിട ഉടമ | ശ്രീ. അബ്ദുറഹ്മാൻ,<br>കരിമ്പേങ്ങൽ |
| സർവ്വെ നമ്പർ | 75/2-10,2-11,2-8 |
| റെഗുലറൈസേഷൻ തീയ്യതി | 15-11-21 |
| ഉപയോഗക്രമം | വാണിജ്യം |
| പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | GF-93.32m2<br>TOILET BLOCK-8.47m2<br>Total- 101.79m2 |
| വസ്തു നികുതി നിർണ്ണയിച്ച വിസ്തീർണ്ണം | 93.26ച മീ |
| അനുവദിച്ച കെട്ടിട നമ്പർ | 14/179Aമുതൽ E<br>A-16.18ച മീ<br>B,C-2*15.23=30.46 ച മീ<br>D-14.95ച മീ<br>E-31.67ച മീ<br>Total-93.26ച മീ |
| വസ്തു നികുതിയിൽ കുറവ് വന്ന തുക | = (101-79-93.26)x30<br>(മേഖല ഇളവ് 10%)+LC<br>= 255.9-25.59+LC=231+12(LC) |

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 (4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണത്തിനും വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/29.03.23) മറുപടി ലഭ്യമാക്കിയില്ല.വസ്തു നികുതി കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എല്ലാ ഭാഗത്തിനും നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും തെറ്റായ നികുതി നിർണ്ണയം മൂലം നാളിതുവരെ പഞ്ചായത്തിന് നഷ്ടം വന്ന തുക കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 1-16-1 വസ്തു നികുതി - സ്റ്റെയർ ഏരിയക്ക് നികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയിച്ച് നമ്പറിംഗിനായി സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ സ്റ്റെയർ ഏരിയക്ക് വസ്തു നികുതി ചുമത്തിയില്ല എന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A3/2499/20/ 10-7-20 |
| കെട്ടിട ഉടമ | ശ്രീ. ഏലച്ചോല ഹസ്സൻകുട്ടി |
| സർവ്വെ നമ്പർ | 128/6-5 |
| റെഗുലറൈസേഷൻ തീയ്യതി | 16-4-21 |
| ഉപയോഗക്രമം | വാണിജ്യം |
| പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | GF-98.19m2<br>FF-117.18m2<br>SF-14.50m2<br>Total- 229.87m2 |
| വസ്തു നികുതി നിർണ്ണയിച്ച വിസ്തീർണ്ണം | 215.31m2 |
| അനുവദിച്ച കെട്ടിട നമ്പർ | 18/93Aമുതൽ H,j<br>18/93A,B,C,D,E=19.63*5=98.15m2<br>F,G,H,j-29.29*4=117.16m2<br>Total-215.31m2 |
| വസ്തു നികുതിയിനത്തിൽ കുറവ് വന്ന തുക | =(229.87-215.31)x30+(20% വഴി വർദ്ധനവ്)+LC<br>= 436.8+87.36 +LC = 525+27(LC) |

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 (4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണത്തിനും വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/29.03.23) മറുപടി ലഭ്യമാക്കിയില്ല.വസ്തു നികുതി കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എല്ലാ ഭാഗത്തിനും നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും തെറ്റായ നികുതി നിർണ്ണയംമൂലം നാളിതുവരെ പഞ്ചായത്തിന് നഷ്ടം വന്ന തുക കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 1-17 വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്/നമ്പറിംഗ് - അപാകതകൾ

2021-22ൽ പെർമിറ്റ് അനുവദിച്ച/നമ്പർ അനുവദിച്ച വാർത്താ വിനിമയ ഗോപുരങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം/തിയതി, പെർമിറ്റ് നേടിയ സ്ഥാപനം/വ്യക്തി | ഈടാക്കിയ പെർമിറ്റ് ഫീസ്, രസീത് നം. | കുറിപ്പുകൾ/അപാകതകൾ |
|---|---|---|---|
| 1 | A3/245 /20/04.02.2020. ഇൻഡസ് ടവർസ്- കൊച്ചി | 10000/-, 119040108545/04.02.2020 | പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതായി അറിയിച്ച് 20.03.21 തിയതി രേഖപ്പെടുത്തിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടവറിന്26.07.21ന്, 12/406A നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.<br>പെർമിറ്റ് കാലാവധി 03.02.2021വരെ ആണ്.അപേക്ഷയിൽരേഖപ്പെടുത്തിയ ഇൻവാർഡ് നമ്പർ പ്രകാരം (A3-1907/21 |

| | | | |
|---|---|---|---|
| | | | /24.05.21) 24.05.21ന് ആണ് അപേക്ഷ ഓഫീസിൽ ലഭ്യമായത്. ഇൻവാർഡ് നമ്പറോ അപേക്ഷ തിയതിയോ ഏത് പരിഗണിച്ചാലും പെർമിറ്റ് കാലാവധി അവസാനിച്ച ശേഷമാണ് പൂർത്തീകരണം അറിയിച്ചത്. പെർമിറ്റ് കാലാവധി അവസാനിക്കുന്നതിന് മുൻപ് ആയത് പുതുക്കിയതായി കാണുന്നില്ല.<br>കാലാവധി അവസാനിക്കുന്നതിന് മുൻപ് അപേക്ഷിച്ചാൽ തന്നെ പുതുക്കുന്നതിന്, KPBR 2019 ചട്ടം 87(12) പ്രകാരം പെർമിറ്റ് ഫീസിന്റെ 50% തുക അടവാക്കേണ്ടതായിരുന്നു. എന്നാൽ ഈ പെർമിറ്റ് പുതുക്കിയിട്ടില്ല. പെർമിറ്റ് കാലാവധി അവസാനിച്ച സംഗതികളിൽ, പെർമിറ്റ് ഇല്ലാ എന്ന രീതിയിൽ കണക്കാക്കി ആയതിനുള്ള ക്രമവൽക്കരണ ഫീസ് 20000/-രൂപ ഈടാക്കി ക്രമവൽക്കരിച്ചായിരുന്നു നമ്പർ അനുവദിക്കേണ്ടിയിരുന്നത്. |
| 2 | A3/2042 /21/29.04.21, സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 10000/-, 121040400003/29.04.2021. | പെർമിറ്റ് കാലാവധി 28.04.2022ന് അവസാനിച്ചിട്ടുണ്ട്.<br>പെർമിറ്റ് പുതുക്കിയതായി ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച് 31.03.2023ന്, ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സ്ഥലം നേരിട്ട് പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>പരിശോധനാ വിവരം സ്ഥല പരിശോധനാ റിപ്പോർട്ടിൽ സെക്രട്ടറി സമ്മതിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.<br>A)ഈ വാർത്താ വിനിമയ ഗോപുരം നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>B)ടവറിന്റെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്.<br>C) ടവറിന് ചുറ്റുമതിൽ സ്ഥാപിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | ചട്ടപ്രകാരം ചുറ്റമതിൽ സ്ഥാപിക്കാതെയും ഗ്രാമപഞ്ചായത്ത് നമ്പർ ലഭ്യമാകാതെയും പെർമിറ്റ് ഇല്ലാതെ(പെർമിറ്റ് കാലാവധി അവസാനിച്ച സംഗതികളിൽ/ പെർമിറ്റ് കാലാവധിക്കുള്ളിൽ പെർമിറ്റ് പുതുക്കാത്ത പക്ഷം പെർമിറ്റ് ഇല്ലാ എന്ന രീതിയിൽ കണക്കാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്) അനധികൃതമായി പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ഇത്തരം അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.<br>ചട്ടപ്രകാരമുള്ള ക്രമവൽക്കരണ ഫീസും ഈടാക്കേണ്ടതുണ്ട്. |
| 3 | A3/4369 /21/28.12.21, സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 10000/-, 121030400011/28.12.21 | I) പെർമിറ്റ് കാലാവധി 27.12.2022ന് അവസാനിച്ചിട്ടുണ്ട്.<br>പെർമിറ്റ് പുതുക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 31.03.2023ന്, ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സ്ഥലം നേരിട്ട് പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പരിശോധനാ വിവരം സ്ഥല പരിശോധനാ റിപ്പോർട്ടിൽ സെക്രട്ടറി സമ്മതിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.<br>A)ഈ വാർത്താ വിനിമയ ഗോപുരം നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>B)ടവറിന്റെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്.<br>C) ടവറിന് ചുറ്റമതിൽ നിർമ്മാണം നടന്ന് വരുന്നുണ്ട്.<br>ടി ടവറിന്റെ നമ്പറിംഗിന് പെർമിറ്റ് കാലാവധിക്കുള്ളിൽ തന്നെ, 22.09.22ന് |

| | | | | |
|---|---|---|---|---|
| | | | | അപേക്ഷ ലഭിച്ചതായും ചുറ്റുമതിൽ ഉൾപ്പെടെയുള്ള അപാകതകൾ പരിഹരിക്കാൻ നിർദ്ദേശിച്ചതായും ഗ്രാമപഞ്ചായത്ത് മറ്റൊരു ഫയൽ ഹാജരാക്കി അറിയിച്ചു. ഒരു കെട്ടിടത്തിന്റെ നമ്പർ, പെർമിറ്റ് എന്നിവ ഒറ്റ ഫയലായി ചെയ്യണം എന്നുള്ള സർക്കാർ സർക്കുലറിന് വിരുദ്ധമായാണ് ഇത് ചെയ്തതത്. നമ്പർ ലഭ്യമാകാതെ തന്നെ ടവർ പ്രവർത്തിച്ച് തുടങ്ങിയതിനാൽ ആയത് കൂടി പരിഗണിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കേണ്ടതുണ്ട്<br>II) ടവറിന് 100 മീറ്റർ സമീപത്ത് കൂടി KSEB യുടെ 440KV EHT ലൈൻ കടന്ന് പോകുന്നത് സംബന്ധിച്ച് KSEB-യോട് സ്പഷ്ടീകരണം തേടിയതിൽ, KSEB AXE, Munduparambu, Malappuram-ത്തിന്റെ 14.12.21ലെ DB/LMSD Malappuram/gramapanchayath /2021-22/305 നമ്പർ കത്ത് മറുപടി പ്രകാരം ഇത്തരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണ അനുമതിക്കായി മലപ്പുറം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് അപേക്ഷ സമർപ്പിച്ച് ആയത് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നതാണ്. ആയതിന്മേൽ നടപടി സ്വീകരിക്കാതെയാണ് പെർമിറ്റ് അനുവദിച്ചത് എന്ന് കാണുന്നു. |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ പട്ടികയിലെ ക്രമ നം2,3 നിർമ്മാണങ്ങൾ എന്നു മുതലാണ് പ്രവർത്തനക്ഷമമായതു എന്ന് പരിശോധിച്ച് ആയത് മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുണ്ട്. നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളായാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 27/2021-22/31.03.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നടപടികൾ സ്വീകരിച്ച് ചട്ടപ്രകാരമുള്ള ക്രമവൽക്കരണ ഫീസും നികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിയമ ലംഘനം ശ്രദ്ധയിൽ പെടുത്തിയിട്ടും യഥാസമയം തുടർനടപടി സ്വീകരിക്കാത്ത പക്ഷം ബാധ്യതകൾ നിലവിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കായിരിക്കുന്നതാണ്.

## 1-18 ഐ.സി.ഡി.എസ് -ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകത

ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ക്യാഷ് ബുക്ക് സൂക്ഷിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ക്യാഷ് ബുക്കിൽ പേജിൽ സ്ഥലമുണ്ടായിരിക്കെ ഒരേ ദിവസത്തെ ട്രാൻസാക്ഷൻ പല പേജുകളിലായി എഴുതുന്നു.

ഉദാ:- 23.03.2022 മാറിയ തുകകൾ പേജ് നമ്പർ 20, 22 എന്നിവിടങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2. ക്യാഷ് ബുക്കിൽ തിയ്യതി വെച്ചുള്ള ട്രാൻസാക്ഷൻസ് എഴുതുന്നതിൽ കൃത്യത പാലിക്കുന്നില്ല

ഉദാ:- 30.03.2022 ലെ ട്രാൻസാക്ഷൻ രേഖപ്പെടുത്തിയ ശേഷം 23.03.2022 ലെ ട്രാൻസാക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

3. ക്യാഷ്ബുക്കിൽ ദിനേന, മാസാന്ത്യ, വർഷാന്ത്യ ക്ലോസ്സിംഗുകൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ക്യാഷ്ബുക്കിൽ പേജ് നമ്പർ രേഖപ്പെടുത്തി ആധികാരികമാക്കിയില്ല.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 5/21-22/28.03.2023) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും നൽകൽ പദ്ധതി-അപാകതകൾ.

പദ്ധതി നം. : 129/2021-22 SO

നിർവ്വഹണം : അസി.സെക്രട്ടറി

അടങ്കൽ : 160230/-വികസന ഫണ്ട് SCP

ചെലവ് : 138992/-

ബിൽ നം. : 01/09-06-2021

അസി. സെക്രട്ടറി 2020-21 ൽ നിർവ്വഹണം നിർവ്വഹണം നടത്തിയ 39/2020-21 പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് 12.10.2020ലെ A2.4871/2019(2) നമ്പർ ടെണ്ടർ മുഖേന മേശയും കസേരയും വാങ്ങി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും കസേരക്ക് കുറഞ്ഞ തുക രേഖപ്പെടുത്തിയ BS GST എജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 68 കസേരകൾ ടി സ്ഥാപനം മുഖേന വിതരണം ചെയ്തതായി രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

മേശക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ KP ഫർണ്ണിച്ചർ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 10.01.2021ന് മുൻപായി മേശകൾ വിതരണം ചെയ്യാനാവശ്യപ്പെട്ട് 30.01.21ന് എ2.4871/2019 നമ്പർ സപ്ലേ ഓർഡർ നൽകുകയും യഥാസമയം മേശകൾ വിതരണം ചെയ്യാത്തതിനാൽ ആയവ തെരഞ്ഞെടുപ്പിന് ശേഷം വിതരണം ചെയ്യാനാവശ്യപ്പെട്ട് 29.03.21ന് എ2.4871/2019 നമ്പർ കത്ത് ടി സ്ഥാപനത്തിന് നൽകുകയാണ് ചെയ്തത്.

മേൽ പദ്ധതിയുടെ തുടർച്ചയായി മേശകൾ വിതരണം ചെയ്യുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 129/2021-22 നമ്പർ സ്പിൽഓവർ പദ്ധതി നടപ്പിലാക്കിയത്. മുൻവർഷം നടത്തിയ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ KP ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിന് , 121/19-04-21 നമ്പർ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മേശ ഒന്നിന് 2044 രൂപ നിരക്കിൽ 68 സ്റ്റീൽ മേശകൾക്ക് ആകെ 138992/- രൂപ മേൽ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ തുറക്കുന്ന സമയത്ത് ആയവ തുറക്കുന്ന ക്രമത്തിൽ ടെണ്ടർ താരതമ്യ പട്ടിക തയ്യാറാക്കേണ്ടതാണ്. ആയത് തയ്യാറാക്കിയിട്ടില്ല.

2) മേശകൾ വിതരണം ചെയ്തത് സംബന്ധിച്ച് സ്ഥാപനത്തിന്റെ ഡെലിവറി ചലാനോ, ഗുണഭോക്താക്കളിൽ നിന്നുള്ള കൈപ്പറ്റുകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ മേശകൾ വിതരണം ചെയ്തിട്ടുണ്ടോയെന്നും, എന്നാണ് വിതരണം ചെയ്തത് എന്നതും വ്യക്തമല്ല.

3) സ്ഥാപനത്തിന്റെ 28.10.2020ലെ ടെണ്ടർ പ്രകാരം 36x24x30 Powder Coated സ്റ്റീൽ മേശകൾ 5 വർഷ വാറണ്ടിയോട് കൂടി ഒന്നിന് 2044 രൂപ നിരക്കാണ് രേഖപ്പെടുത്തിയത്. ഫയലിൽ ലഭ്യമാക്കിയ 26.02.2021ലെ 30693 നമ്പർ കരാർ പത്രത്തിൽ യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. ടെണ്ടർ അംഗീകരിച്ചാൽ വിതരണ നിബന്ധനകളും കരാർ ലംഘനത്തിൻമേലുള്ള നിയമ നടപടികളും ഒരു എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. കരാറിൽ മേശകളുടെ ഗുണനിലവാരം, വാറണ്ടി, വിതരണം തുടങ്ങിയവ സംബന്ധിച്ച നിബന്ധനകൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

4) വാറണ്ടി ഉറപ്പ് വരുത്തുന്നതിന് കരാറിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും ഗുണഭോക്താക്കൾക്ക് പ്രത്യേക ബിൽ/വാറണ്ടി സ്ലിപ്പോ മറ്റോ നൽകാത്തതിനാലും, വിതരണം ചെയ്ത ശേഷം വാറണ്ടി കാലാവധിക്കുള്ളിൽ കേടുപാടുകൾ സംഭവിക്കുന്ന മുറക്ക് ഗുണഭോക്താക്കൾക്ക് വാറണ്ടി ലഭ്യമാവാതെ വരുന്നതാണ്.

5) ടെണ്ടർ നോട്ടീസിലെ നിബന്ധനകൾ പ്രകാരം സപ്ലേ ഓർഡർ നൽകി 10 ദിവസത്തിനകം(10.01.2021ന് മുൻപായി) സാധനം വിതരണം ചെയ്യേണ്ടതായിരുന്നു. ആയത് പാലിക്കാതിരുന്നിട്ടും ആയവ തെരഞ്ഞെടുപ്പിന് ശേഷം വിതരണം ചെയ്യാനാവശ്യപ്പെട്ട് 29.03.21ന് ആണ് പിന്നീട് കത്ത് നൽകിയത്. യഥാസമയം തുടർനടപടി സ്വീകരിക്കാത്തതിനാലാണ് ടി പദ്ധതി സ്പിൽ ഓവറായി 2021-22ലേക്ക് വരാൻ കാരണം എന്ന് കാണുന്നു. ആയതിനാൽ തന്നെ മുൻവർഷത്തിൽ ടി തുക ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്തത്.

6) ടെണ്ടർ ദൃഢത കാലം 5 മാസമായിരുന്നു ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയത്. ആയത് കഴിഞ്ഞിട്ടും തൊട്ടടുത്ത വർഷത്തെ പദ്ധതിയായിരുന്നിട്ടും പുതിയ ടെണ്ടർ വിളിക്കാതെ കാലാവധി കഴിഞ്ഞ ടെണ്ടറിലെ സ്ഥാപനത്തിനാണ് സപ്ലേ ഓർഡർ നൽകിയത്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 01/2021-22/28.03.2023ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ഹരിതകർമ്മസേന-പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്നതാണ് ഹരിത കർമ്മസേനയുടെ ലക്ഷ്യം. വെള്ളം, വൃത്തി വിളവ് എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീമിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി

തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017 /ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടിക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേന പ്രവർത്തനം 2020 ൽ ആരംഭിച്ചെങ്കിലും തുടർ പ്രവർത്തനങ്ങൾ ഉണ്ടായില്ല. പിന്നീട് 01.09.2021 ന് 6 അംഗങ്ങളുമായാണ് ഹരിതകർമ്മസേന ആരംഭിച്ചത്. 19 വാർഡുകളുള്ള പഞ്ചായത്തിൽ എല്ലാ വാർഡിലേക്കും ഉള്ള അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടല്ല ഹരിത കർമ്മസേന രൂപീകരിച്ചത്. നിലവിൽ 7 അംഗങ്ങൾ ഉള്ള ഇവരുടെ പ്രവർത്തനം 19വാർഡുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ആണ് ഫീസ് ഈടാക്കി വരുന്നത്. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. യൂസർ ഫീ കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് സ്ക്രാപ്പ് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം.

2021-22 വർഷത്തിൽ ഹരിത കർമ്മസേനക്ക് VGF ഇനത്തിൽ 38660/- രൂപ പ്രോജക്ട് (182/22) പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ റിജക്ടഡ് വേസ്റ്റ് കൊണ്ടു പോവുന്നതിനായി ക്ലീൻകേരള കമ്പനിക്കും, ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്ന SEUF നും തുക നൽകുന്നുണ്ട്. പഞ്ചായത്തു തലത്തിൽ 1 എം സി എഫ് സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി നടപ്പിലാക്കിയ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനം പരിശോധിച്ചതിൽ സർക്കാർ ഉത്തരവു പ്രകാരം ലക്ഷ്യമിട്ട താഴെ പറയുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടക്കുന്നില്ല എന്നു വ്യക്തമായി.

1) ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം കുടുബശ്രീ അംഗങ്ങളിൽ നിന്ന് രൂപീകരിക്കുന്ന ഹരിത കർമ്മസേനയെ കൺസോർഷ്യമായും മൈക്രോസംരംഭ ഗ്രൂപ്പുകളായും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സംഘടനയാണ് ഹരിത കൺസോർഷ്യം.ഓരോ വാർഡുകളിലേയും വീടുകളുടേയും കടകളുടേയും എണ്ണം അനുസരിച്ച് പരമാവധി 2 പേരെ നിയോഗിക്കേണ്ടതും ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രോ സംരംഭങ്ങൾ രൂപീകരിക്കേണ്ടതുമാണ്. ഓരോ സംരംഭക പ്രവർത്തന പരിധിയിലും 250 വീടുകളെങ്കിലും ഉണ്ടാകേണ്ടതുമാണ്. എന്നാൽ ഇത്തരം ഘടനാപരമായ സംവിധാനങ്ങളൊന്നുമില്ലാതെയാണ് 7 പേരുൾക്കൊള്ളുന്ന ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്. ഹരിതകർമ്മ സേനയുടെ പ്രവർത്തന പരിധി വിപുലീകരിച്ച് പഞ്ചായത്തിലെ മുഴുവൻ വീടുകളേയും അജൈവ മാലിന്യസംസ്കരണത്തിൽ പങ്കാളികളാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

2) 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. എന്നാൽ വാർഡുകളിൽ സ്ഥിരം സംവിധാനം ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3) അത് പോലെ എം.സി.എഫിൽ എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) മാലിന്യസംസ്കരണം തുടർച്ചയായി ചെയ്തു വരേണ്ട പ്രവൃത്തിയും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ടതുമാണ്. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഉണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രോജക്റ്റ് തയ്യാറാക്കി ചാക്ക് /സഞ്ചി വാങ്ങി നൽകാൻ ഭരണസമിതി നടപടി സ്വീകരിച്ചില്ല.

5) യൂസർഫീ കളക്ഷൻ എല്ലാ കളക്ഷൻ തീയതികളിലും പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

6) ഹരിത കർമ്മസേന സംരംഭകർക്ക് കൃത്യമായ യൂസർഫീ ലഭിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിനായി പ്രദേശത്തെ വീടുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനവും കൺസോർഷ്യവും ചേർന്ന് ഒരു കരാർ വെക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കരാർ വെച്ചിട്ടില്ല.

7) മാർഗ്ഗരേഖ 1.6 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി (സ്ഥാപനങ്ങളുടെ മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തി പല വിഭാഗങ്ങളായി തിരിച്ച് യൂസർ ഫീ ഏർപ്പെടുത്തൽ, പൊതു സംവിധാനങ്ങളുടെ പരിപാലനം ഹരിതകർമ്മസേനയെ ഏൽപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ) ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

8)ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി24/2021-22/30.03.2023) ഹരിതകർമ്മസേന വിപുലീകരിക്കുന്നതിന് കുടുംബശ്രീ മുഖേന പ്രചാരണം നൽകിയിരുന്നെങ്കിലും 7 പേർ മാത്രമാണ് തയ്യാറായതെന്നും പഞ്ചായത്തിന്

സ്വന്തമായി സ്ഥലമില്ലാത്തതിനാലാണ് വാർഡ്തല എം.സി.എഫുകൾ രൂപീകരിക്കാത്തതെന്നും അറിയിച്ചു. മറ്റു അപാകതകൾ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നതാണെന്നും അറിയിച്ചു.

അപാകതകൾ പരിഹരിച്ച് മാലിന്യം വരുമാനമാക്കി മാറ്റുന്നതിനുള്ള ഹരിതകർമ്മസേന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്.

## 1-21 പരിരക്ഷ നേഴ്സിന് പ്രതിമാസ ഇൻസെന്റീവ് അധികം അനുവദിച്ചു

പ്രോജക്ട് : 105/22 പരിരക്ഷ ഹോം കെയർ പരിപാടി

അടങ്കൽ തുക : 295820/- ( വികസനം- ജനറൽ) + 497200 (തനത് ഫണ്ട്)

ചെലവ് : 286464/- ( വികസനം- ജനറൽ) + 221781 (തനത് ഫണ്ട്)

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ (CHC) നിർവ്വഹിച്ച മേൽ പ്രോജക്ട് വഴി പരിരക്ഷ നേഴ്സിന് പ്രതിമാസ ഇൻസെന്റീവായി 1000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. സ.ഉ (സാധാ)/LSGD തിയ്യതി 15.03.2022 പ്രകാരം പ്രതിമാസം 1000/- രൂപ 2022 മാർച്ച് മാസം വരെ അനുവദിക്കുന്നതിന് തുടർച്ചാനുമതി ഉള്ളതാണ്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഏപ്രിൽ, മെയ് മാസത്തെ ഹോണറേറിയത്തോടൊപ്പം 1000/- രൂപ നൽകിയതായും തുടർന്ന് മാർച്ച് മാസത്തിൽ 12000/- രൂപ നൽകിയതായും കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | വൗച്ചർ / ചെക്ക് നമ്പർ / തിയ്യതി | പരിരക്ഷ നേഴ്സിന് അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 39054 | XY 5486146/18.06.2021 | 19230 | 18030 ഹോണറേറിയം+200 ഫോൺ അലവൻസ്+ 1000 പ്രതിമാസ ഇൻസെന്റീവ് |
| 2 | 39694 | 22101047/17.06.2021 | 19230 | 18030 ഹോണറേറിയം+200 ഫോൺ അലവൻസ്+1000 പ്രതിമാസ ഇൻസെന്റീവ് |
| 3 | 50032 | 22100996/30.03.2022 | 30230 | 18030 ഹോണറേറിയം +200 ഫോൺ അലവൻസ്+12000 പ്രതിമാസ ഇൻസെന്റീവ് (ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ) |

മേൽ പ്രകാരം 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രതിമാസ ഇൻസെന്റീവ് രണ്ടു തവണ നൽകിയതായി കാണുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 18/2021-22/29.03.2023) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക 2000/- രൂപ ട്രഷറിയിൽ തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചു. തുക തിരിച്ചടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-22 ഡയാലിസിസ് രോഗികൾക്ക് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് : 204/22 ഡയാലിസിസ് രോഗികൾക്ക് ധനസഹായം

അടങ്കൽ തുക : 56000/- ( വികസനം- ജനറൽ) + 56000 (തനത് ഫണ്ട്)

ചെലവ് : 56000 (തനത് ഫണ്ട്) ചെക്ക് നമ്പർ 4441007/30.03.2022

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ (CHC) നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം 56000/- രൂപ ജില്ലാ പഞ്ചായത്തിന്റെ 799013100000712 എന്ന അക്കൗണ്ടിലേക്ക് മാറി നൽകിയിട്ടുണ്ട്. (അക്കൗണ്ടിന്റെ IFSC Coe ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല) . തുകയുടെ കൈപ്പറ്റ് വിവരം , വിനിയോഗസാക്ഷ്യപത്രം (ഏതൊക്കെ രോഗികൾക്കായി എത്രമാസത്തെ തുക അനുവദിച്ചു ) എന്നിവ ലഭ്യമാക്കേണ്ടതാണ്. മേൽ അപാകത കാണിച്ചുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 17/2021-22/29.03.2023) ജില്ലാ പഞ്ചായത്തിൽ നിന്നും കൈപ്പറ്റു രശീതി ലഭ്യമാവുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹56000 തടസ്സം ചെയ്യുന്നു.

## 1-23 മുൻകൂർ തുക നൽകിയിട്ടും ലാപ്ടോപ്പ് , പ്രിന്റർ ലഭ്യമായില്ല

പ്രോജക്ട് : 123/22 പി എച്ച്സി യിലേക്ക് കമ്പ്യൂട്ടർ, ലാപ്ടോപ്പ് പ്രിന്റർ വാങ്ങൽ

അടങ്കൽ തുക : 148406/- ( മെയിന്റനൻസ് - നോൺറോഡ്)

ചെലവ് തുക : 147300/-( മെയിന്റനൻസ് - നോൺറോഡ്)

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ (സി എച്ച് സി) നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 92240 | 22101205/19.03.22 | 2 ലാപ്ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിനു മുൻകൂർ നൽകിയത് (As Per Proforma Invoice No. TVM/ITBG/PI/RM/1023/21-22 Dated 17.03.2022 |
| 2 | 45060 | 22101178/15.03.22 | CPRCS വഴി പ്രിന്റർ വാങ്ങുന്നതിനായി കെൽട്രോണിനു മുൻകൂർ നൽകിയത് (As Per Proforma Invoice No. TVM/ITBG/PI/RC/35932/20-21 Dated 03.03.2022 |
| 3 | 10000 | 22101224/28.03.22 | AlSalam Furnitureഎന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ ടേബിൾ വാങ്ങിയതിന് നൽകിയ തുക |

എന്നാൽ ക്രമ നമ്പർ 1,2 പ്രകാരമുള്ള ഉപകരണങ്ങൾ നാളിതുവരെയും ലഭ്യമായിട്ടില്ല. ആയതു ലഭ്യമാക്കുന്നതിന് / തുക തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/2021-22/29.03.2023) പണം മുൻകൂറായി നൽകിയെങ്കിലും സാധനങ്ങൾ സ്റ്റോക്കില്ലാത്തതിനാൽ കെൽട്രോണിൽ നിന്നും ലഭ്യമായില്ലെന്നും കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ നിലവിൽ സ്റ്റോക്കുണ്ടെന്നും എന്നാൽ മുൻകൂർ അടവാക്കിയ തുക കുറവായതിനാൽ ബാക്കി തുക അടവാക്കുന്ന മുറക്ക് നൽകാമെന്ന് അറിയിച്ചുവെന്നും മറുപടിനൽകി. മുൻകൂർ നൽകിയ തുക തിരികെ ഈടാക്കുകയോ, അധിക തുക അടവാക്കി സാധനങ്ങൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. ആയതു വരെ ചെലവു തുക 137300/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- പൊതു അപാകതകൾ

ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം പ്രൊജക്ടുകളുടെ നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1) ഭക്ഷ്യ ധാന്യ വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

അംഗൻവാടികളിലേക്ക് വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിതരണ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പരാമർശിച്ച അപാകതകൾ കണ്ടെത്തി

- രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.
- ഭക്ഷ്യ ധാന്യ വിതരണ സാക്ഷ്യപത്രം നിർവഹണോദ്യോഗസ്ഥൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- വിതരണം ചെയ്ത ഭക്ഷ്യധാന്യം സപ്ലൈ ചെയ്തതിന്റെ വിശദ വിവരം , പണം നൽകിയതിന്റെ വിവരം എന്നിവയും വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) GST നിയമപ്രകാരം GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ സാമ്പത്തിക വർഷത്തിൽ ₹ 250000 ൽ അധികരിക്കുകയാണെങ്കിൽ നിശ്ചിത നിരക്കിൽ GST TDS ഈടാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങൾക്ക് പണം നൽകിയപ്പോൾ GST TDS കുറവ് വരുത്തിയിട്ടില്ല.

3) പഞ്ചായത്തിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാർ ഒപ്പുവെച്ചിട്ടില്ല.

4) പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല.

ഭക്ഷ്യധാന്യ വിതരണത്തിൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം/രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 06 /21-22/28.03.2023) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും രജിസ്റ്ററുകളുടെ പരിപാലനവും സൂക്ഷിപ്പും കുറ്റമറ്റ രീതിയിൽ ആക്കേണ്ടതുമാണ്.

## 1-25 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം - അപാകതകൾ

പ്രോജക്ട് : 04/22 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ തുക : 35,69,957/- രൂപ (1569957/- ( വികസനം- ജനറൽ) + 10,00,000 (ബ്ലോക്ക് പഞ്ചായത്ത്)+ 10,00,000/ (ജില്ലാ പഞ്ചായത്ത്)

ചെലവ് : 14,42,375/- ( വികസനം- ജനറൽ) + 5,23,863 (ബ്ലോക്ക് പഞ്ചായത്ത്)+ 10,00,000/ (ജില്ലാ പഞ്ചായത്ത്) ആകെ: 29,66,238/- രൂപ

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ടിനായുള്ള ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/തിയ്യതി |
|---|---|---|
| 1 | 1,21,000 | 22101053/19.07.21 |
| 2 | 7,375 | 22101204/18.03.22 |
| 3 | 6,35,252 | 22101065/21.10.21 |

| | | |
|---|---|---|
| 4 | 6,78,748 | 22101154/18.02.22 |
| 5 | 5,23,863 | 22101104/04.01.22 |
| 6 | 4,97,620 | 22101064/07.10.21 |
| 7 | 5,02,380 | 22101054/06.08.21 |

മേൽ വൗച്ചറുകൾ പ്രകാരം സ്കോളർഷിപ്പ് നൽകിയത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്കോളർഷിപ്പ് തുക അധികം നൽകി

മാനസിക വെല്ലുവിളി നേരിടുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗരേഖയിൽ അനുവദനീയമായതിലും കൂടുതൽ തുക നൽകിയതായി കണ്ടു.

| ക്രമ നമ്പർ | ഗുണഭോക്താവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | അഭിനവ് പി | 28500 | 34745 | 6245 |
| 2 | മുബഷിർ (അബൂബക്കർ മുസല്യാർ) | 28500 | 37736 | 9236 |
| 3 | അഫ്ല ടി | 28500 | 34745 | 6245 |
| 4 | അഫ്ലഹ് പി | 28500 | 34745 | 6245 |
| 5 | അഫ്ലം | 28500 | 34745 | 6245 |
| 6 | അമീർഷ എം | 28500 | 34745 | 6245 |
| 7 | അമൃത വട്ടത്തൊടിയിൽ | 28500 | 28860 | 360 |
| 8 | അമൃത എൻ | 28500 | 37736 | 9236 |
| 9 | അനുരൂപ് സി | 28500 | 37736 | 9236 |
| 10 | മുഹമ്മദ് ഹാഷിം (അസ്മാബി പി പി) | 28500 | 34745 | 6245 |
| 11 | അശ്വിൻ | 28500 | 34745 | 6245 |
| 12 | പാർത്ഥിവ് എം | 28500 | 34745 | 6245 |

| | | | | |
|---|---|---|---|---|
| 13 | മുഹമ്മദ് ആഷിഖ് സി<br><br>(ദേവകി ക്ലലിപ്പിലാക്കൽ) | 28500 | 34745 | 6245 |
| 14 | ദിൽരൂപ കെ പി | 28500 | 37736 | 9236 |
| 15 | ഫബിൻഷ ഇ | 28500 | 34745 | 6245 |
| 16 | ഫമ്ന ബിൻസി | 28500 | 34745 | 6245 |
| 17 | ഫസൽ ഇ | 28500 | 34385 | 5885 |
| 18 | ഫാഹിദ ജാസ്മിൻ | 28500 | 34745 | 6245 |
| 19 | ഫാത്തിമ്മ ലൈബ കെ എം | 28500 | 34745 | 6245 |
| 20 | ഫാത്തിമ്മ നിദ പി | 28500 | 28860 | 360 |
| 21 | ഫാത്തിമ്മ റിഫ പി | 28500 | 32460 | 3960 |
| 22 | ഫാത്തിമ്മ സന | 28500 | 34745 | 6245 |
| 23 | ഫാത്തിമ്മ സിയ പി പി | 28500 | 34745 | 6245 |
| 24 | ഫാത്തിമ്മ റഫ കെ പി | 28500 | 32460 | 3960 |
| 25 | ഫാത്തിമ്മ ഷഫ കെ പി | 28500 | 34745 | 6245 |
| 26 | ഫാത്തിമ്മ സന | 28500 | 34745 | 6245 |
| 27 | ഫാത്തിമ്മ സൻഹ | 28500 | 45000 | 16500 |
| 28 | ഫിദ ഒ. കെ | 28500 | 32460 | 3960 |
| 29 | ഫിദ പി | 28500 | 37736 | 9236 |
| 30 | ഫായിസ് പി എം<br><br>( ഹാഫിസ് പി എം) | 28500 | 34745 | 6245 |
| 31 | ഹാഫിസ് ബക്കർ ഇ സി | 28500 | 37736 | 9236 |
| 32 | ഇർഷാദലി | 28500 | 34745 | 6245 |
| 33 | ജസീന വെള്ളക്കാട് | 28500 | 31736 | 3236 |
| 34 | കീർത്തന കെ | 28500 | 32460 | 3960 |

| | | | | |
|---|---|---|---|---|
| 35 | സൻസൽ (ഖൈറുന്നീസ) | 28500 | 28860 | 360 |
| 36 | മുഹമ്മദ് നിസ്സാം (കുഞ്ഞിമുഹമ്മദ്) | 28500 | 37736 | 9236 |
| 37 | മിൻഹജ് ക്ലരി | 28500 | 34331 | 5831 |
| 38 | മുഹമ്മദ് അസമിൽ ടി ടി | 28500 | 34745 | 6245 |
| 39 | മുഹമ്മദ് ഫുവാദ് കെ | 28500 | 34745 | 6245 |
| 40 | മുഹമ്മദ് ഷിബിൽ പി കെ | 28500 | 45000 | 16500 |
| 41 | മുഹമ്മദ് അജ്മൽ സി | 28500 | 34745 | 6245 |
| 42 | മുഹമ്മദ് ഷാമിൽ ഒ. കെ | 28500 | 37736 | 9236 |
| 43 | ഫാത്തിമ്മ ഹന്ന (അസ്കർ മോൻ) | 28500 | 34745 | 6245 |
| 44 | ഷിഹാന | 28500 | 40745 | 12245 |
| 45 | മുഹമ്മദ് നിസാർ കെ പി( ആസ്യ) | 28500 | 37655 | 9155 |
| 46 | മുഫ്‌ലിഹ് വി | 28500 | 34745 | 6245 |
| 47 | മുഹമ്മദ് ദിൽഷാദ് നട്ടവത്ത് കുണ്ടിൽ | 28500 | 37826 | 9326 |
| 48 | മുഹമ്മദ് ഹമ്ദാൻ വി പി | 28500 | 28860 | 360 |
| 49 | മുഹമ്മദ് റബീഹ് പി | 28500 | 34745 | 6245 |
| 50 | മുഹമ്മദ് റോഷൻ | 28500 | 34745 | 6245 |
| 51 | മുഹമ്മദ് ഷാഫി എം | 28500 | 34745 | 6245 |
| 52 | മുഹമ്മദ് ഷാഹിദ് എം കെ | 28500 | 28860 | 360 |
| 53 | മുഹമ്മദ് ഷിബിലി | 28500 | 34745 | 6245 |
| 54 | മുഹമ്മദ് ഷിബിൻ | 28500 | 34745 | 6245 |

| | | | | |
|---|---|---|---|---|
| 55 | മുഹമ്മദ് സിനാൻ | 28500 | 28860 | 360 |
| 56 | മുഹമ്മദ് സിനാൻ സി പി | 28500 | 34745 | 6245 |
| 57 | മുഹമ്മദ് സുഹൈൽ ഇ സി | 28500 | 34745 | 6245 |
| 58 | മുഹമ്മദ് ടി കെ<br><br>(മുഹമ്മദ് ടി) | 28500 | 34745 | 6245 |
| 59 | മുഹമ്മദ് മുസ്തഫ | 28500 | 34745 | 6245 |
| 60 | നാജി റഹ്മാൻ പി ടി | 28500 | 34745 | 6245 |
| 61 | നസ്‌ല ഫാത്തിമ്മ | 28500 | 34745 | 6245 |
| 62 | നിസ്‌ല | 28500 | 37736 | 9236 |
| 63 | റാബിയ പി എം | 28500 | 34745 | 6245 |
| 64 | സജ്‌ല | 28500 | 28860 | 360 |
| 65 | സാനിയ്യ | 28500 | 37736 | 9236 |
| 66 | സായൂജ് എം | 28500 | 34745 | 6245 |
| 67 | ഷബ്ന | 28500 | 37736 | 9236 |
| 68 | ഷഹ്‌ല മദാരി | 28500 | 37736 | 9236 |
| 69 | ഷമീന എം കെ | 28500 | 34745 | 6245 |
| 70 | ഷമീർ മൊയ്തീൻ | 28500 | 43104 | 14604 |
| 71 | വിപിൻ രാജ് | 28500 | 35875 | 7375 |
| | | | | 460914 |

രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ സാംഖ്യ ബില്ലിൽ നിന്നുമുള്ള ബെനിഫിഷറി വിവരങ്ങൾ ക്രോഡീകരിച്ചതിൽ നിന്നുമാണ് തുക അധികം നൽകിയതായി കണ്ടത്. തുക അധികം നൽകാനിടയായ സാഹചര്യം അനുബന്ധ രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മുൻ വർഷം നൽകാനവശേഷിച്ച തുക കൂട്ടിനൽകിയിട്ടുണ്ടെന്നും അധികം നൽകിയ തുക വിശദമായി പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകി. വിശദമായ മറുപടി നൽകുകയും അധികം നൽകിയ തുക ക്രമീകരിക്കുകയും ചെയ്യുന്നതു വരെ ₹ 460914 രൂപ തടസ്സം ചെയ്യുന്നു.

2. സാംഖ്യയിൽ നിന്നും ലഭ്യമായ വിവരം പ്രകാരം മുഹമ്മദ് ഹാഷിം എന്ന ഗുണഭോക്താവിന് നൽകിയ 34745/- രൂപ ശ്രീമതി അസ്മാബി എന്നവരുടെ ഫെഡറൽ ബാങ്കിലുള്ള 13650100257382 എന്ന അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത് . എന്നാൽ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ശ്രീ മുഹമ്മദ് ഹാഷിം, മാതാവ് അസ്മാബി എന്നിവരുടെ ഫെഡറൽ ബാങ്കിലുള്ള ജോയിന്റ് അക്കൗണ്ട് നമ്പർ 13650100262879 എന്നതാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകത പരിഹരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. അപാകത പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

3. മുഹമ്മദ് ആഷിഖ് സി എന്നവരുടെ തുക ക്രഡിറ്റ് ചെയ്തത് ശ്രീമതി ദേവകി കുലിപ്പിലാക്കൽ എന്നവരുടെ പേരിലാണ്. അപാകത വിശദീകരിക്കേണ്ടതാണെന്നന്ന കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അക്കൗണ്ട് നമ്പർ ശ്രീ ആഷിക്ക് എന്നവരുടെ തന്നെ ആണെന്നും എന്നാൽ പേര് സിസ്റ്റത്തിൽ മാറ്റുന്നതിന് ശ്രമിച്ചെങ്കിലും ആയതിന് സാധിക്കുന്നില്ലെന്നും മറുപടി നൽകി. സാംഖ്യ സിസ്റ്റത്തിൽ പേര് മാറ്റി നൽകുന്നതിന് ഐ കെ എം മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ദിൽഷ ഫാത്തിമ്മ എൽ പി എന്ന ഗുണഭോക്താവ് എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ശാരീരിക വെല്ലുവിളി നേരിടുന്ന ആളാണ് . ഈ കുട്ടിക്ക് നൽകാവുന്ന മാക്സിമം തുക 6600/- രൂപ ആണ്. എന്നാൽ 12485/- രൂപ നൽകിയതായി കണ്ടു. അപാകത വിശദീകരിക്കേണ്ടതാണെന്നുകാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുട്ടി നിലവിൽ ബഡ്സ് സ്കൂളിൽ പഠിക്കുകയാണെന്നും ആയതിനാൽ 12000/- രൂപ സ്കോളർഷിപ്പിന് അർഹതയുണ്ടെന്നും മറുപടി നൽകി. ആയത് രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തി. അർഹമായ തുകയിലും കൂടുതലായി നൽകിയ തുക 485/ രൂപ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 03/2021-22/29.03.2023)

## 1-26 IT ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ 182/22 ഖരമാലിന്യ സംസ്കരണം പ്രോജക്ട് വഴി ഹരിത കർമ്മസേനയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് ഹരിത സഹായ സ്ഥാപനം എന്ന നിലക്ക് 1,91,079 രൂപ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മലപ്പുറം (SEUF) പാലക്കാട് എന്ന സ്ഥാപനത്തിന് ടെക്നിക്കൽ സർവ്വീസ് ചാർജ് ആയി നൽകിയിട്ടുണ്ട് . എന്നാൽ 1961 ലെ ഇന്ത്യൻ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 (J) പ്രകാരം ടെക്നിക്കൽ സർവ്വീസിന് 2% IT ഈടാക്കേണ്ടതാണ്. എന്നാൽ ആയത് ഈടാക്കിയില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | നൽകിയ തുക. | വൗച്ചർ നമ്പർ | റസീറ്റ് നമ്പർ | ഈടാക്കേണ്ട IT |
|---|---|---|---|---|
| ഖരമാലിന്യ സംസ്കരണ കർമ്മ പദ്ധതി തയ്യാറാക്കൽ (പ്രൊജക്ട് നമ്പർ.182/22) | 1,91,079 | 22100947/16.03.2022<br>(136485/-)<br>22101018/30.03.2022<br>(178459/-) | 577/12.03.2022<br>(136485/-)<br>243/28.3.2022<br>(54594/-) | 3822 |

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/21-22/31.03.2023) മറുപടി ലഭ്യമാക്കിയില്ല. IT ഈടാക്കി അടവാക്കേണ്ടതാണ്.

## 1-27 ജനനി പദ്ധതി- മുൻകൂർ തുക നൽകി- ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. പേര് | 99/22, ജനനി പദ്ധതി |
| ചെലവ് തുക | 35000 |
| ബിൽ നം. തീയതി | 27/08.03.22 |
| നിർവ്വഹണം | സെക്രട്ടറി |

ഹോമിയോപതി ചികിത്സയിലൂടെ വന്ധ്യതക്ക് പരിഹാരം കാണുന്നതിനായി വിഭാവനം ചെയ്ത ജനനി പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 35000രൂപ ഹോംകോക്ക് മുൻകൂർ നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 12/21-22/29.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം. പേര് | 257/22, കടിവെള്ള പദ്ധതി പമ്പിംഗ്ശേഷി വർദ്ധിപ്പിക്കൽ- വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് | 253/22, മോതി പമ്പ് ഹൗസിന് ട്രാൻസ്ഫോർമർ, കടിവെള്ള പദ്ധതിക്ക് വൈദ്യുതി ലൈൻ നീട്ടൽ |
| ചെലവ് തുക | 10,00,000 (CFC) | 4,25,000 (CFC) |

| | | |
|---|---|---|
| വൗച്ചർ നം. തീയതി | 22101021/30.03.22 | 22101020/30.03.22 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികളുടെ (KWA ഡെപ്പോസിറ്റ്) നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) നം.253/22: എസ്റ്റിമേറ്റ് ലഭ്യമാക്കാതെ തുക അടവാക്കി. മോതി പമ്പ് ഹൗസിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിക്കും കുടിവെള്ള പദ്ധതിക്ക് വൈദ്യുതിക്ക് വൈദ്യുതി ലൈൻ നീട്ടലിന് കെ.എസ്.ഇ.ബി ക്കും തുക ഡെപ്പോസിറ്റ് ചെയ്യുന്നതാണ് പദ്ധതി. 5ാം വാർഡിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി സ്ഥാപിച്ച പമ്പ് സെറ്റുകൾ ശരിയായി പ്രവർത്തിക്കുന്നതിന് ആവശ്യമായ വോൾട്ടേജ് ലഭിക്കുന്നതിന് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് 18.02.22ലെ 8(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം 425000രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26.03.22ലെ Db2/kty/2966/22 നമ്പർ കത്തിൽ ട്രാൻസ്ഫമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്യുവാൻ ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കാതെയാണ് തുക നൽകിയിട്ടുള്ളത്.

2) ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് പ്രവൃത്തി നടത്താതെ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യാനിടയായ സാഹചര്യം അറിയിക്കേണ്ടതാണ്.

257/22 : പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കുന്ന മുണ്ടയിൽപടി, ഉന്നംതല എന്നീ പമ്പ് ഹൗസുകളിലെ മോട്ടോറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതാണ് പ്രവൃത്തി. മുണ്ടയിൽപടി പമ്പ് ഹൗസിന് 15HPമോട്ടോർ, ഉന്നംതല പമ്പ് ഹൗസിന് 15HPയുടെ 2 മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവൃത്തിക്ക് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ EST No. 2022/12511 എസ്റ്റിമേറ്റ് പ്രകാരം 10 ലക്ഷം രൂപ അടവാക്കിയിട്ടുണ്ട്.

3) സ.ഉ (കൈ)നം.11/2018/തസ്വഭവ/29.01.2018 പദ്ധതി മാർഗ്ഗരേഖ 11.2പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ തദ്ദേശസ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തികൾക്ക് തുക മുൻകൂർ നൽകിയപ്പോൾ ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

4) മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തി പൂർത്തീകരണപത്രം, വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്. ഇല്ലെങ്കിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/21-22/29.03.22ന് മറുപടി ലഭ്യമായിട്ടില്ല. മേൽ പദ്ധതികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബിൽ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 14,25,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക അടവാക്കി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 250/22 |
| പ്രോജക്ടിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് തുക അടവാക്കൽ |
| ചെലവ് തുക | 50000 (തനത്ഫണ്ട്) |
| വൗച്ചർ നം. | 22101002/30.03.22 |
| നിർവ്വഹണം | സെക്രട്ടറി |

സ.ഉ(സാധാ)നം.426/തസ്വഭവ/26.02.19പ്രകാരം കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ഒരു കുട്ടിക്ക് 50000/-രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറുക എന്നതാണ് പദ്ധതി. ഇതു പ്രകാരം, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച, ഒരു ഗുണഭോക്താവിന് (അമേയ എം, D/oബിജു.എം, മാങ്കുന്നത്ത്, കുട്ടിലങ്ങാടി) 50000/-രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്.

പദ്ധതിയുടെ തുടർ നടപടി വിവരങ്ങൾ, സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 14/21-22/29.03.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 50000രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-30 തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | 110/22, തെരുവ് വിളക്ക് റിപ്പയർ- എ.എം.സി |
| ചെലവ് തുക | 105000 (CFC) |
| വൗച്ചർ നം. | 22101229/31.03.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ള മുഴുവൻ തെരുവ് വിളക്കുകളും ഒരു വർഷത്തേക്ക് പ്രവർത്തനക്ഷമമാക്കി

പരിപാലിക്കുന്നതിന് ടെണ്ടർ നടപടികളിലൂടെ ശ്രീ.കുഞ്ഞമ്മു എന്ന അംഗീകൃത കരാറുകാരനെ തെരഞ്ഞെടുത്ത് 29.07.21മുതൽ ഒരു വർഷത്തെ എ.എം.സിക്കായി കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിനിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) ടെണ്ടർ, കരാർ നിബന്ധനകൾ പ്രകാരം കരാറുകാരൻ കരാർ കാലയളവിലെ ഓരോ ത്രൈമാസം പൂർത്തിയാകുമ്പോളും ഈ കാലയളവിൽ വാർഡ് അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തിയ തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ ബില്ലിനോപ്പം നൽകേണ്ടതാണ്. അതോടൊപ്പം റിപ്പയർ ചെയ്ത വിളക്കുകളുടെ ഇനം, എണ്ണം തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുള്ള വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് കൂടി ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് പാസാക്കുന്ന മുറയ്ക്ക് 10% Retension കഴിച്ചുള്ള തുകയാണ് പാസാക്കേണ്ടത്. എന്നാൽ കരാറുകാരൻ നൽകിയ 105000രൂപയുടെ നം.101/22, 23.03.22 ഇൻവോയിസ് പ്രകാരമുള്ള ആദ്യ ഗഡു തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ റിപ്പയർ ചെയ്ത വിളക്കുകളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, വാർഡ് മെമ്പർമാർ ലഭ്യമാക്കിയ റിപ്പോർട്ടിലും എണ്ണവും ഇനവും രേഖപ്പെടുത്തിയിട്ടില്ല.

29.07.2021മുതൽ ഒരു വർഷേക്കുള്ള കരാർ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് തന്നെ കരാറുകാരൻ എഗ്രിമെന്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ചെയ്തിട്ടില്ലെന്ന് പരാതി ലഭിക്കുകയും ആയത് ബോധ്യപ്പെട്ട് കരാർ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാർഡ് മെമ്പർമാർ മാർച്ച് 2021ൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ കേടായ മുഴുവൻ വിളക്കുകളും നന്നാക്കിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ശരിയായ പരിശോധന നടത്താതെയാണ് തുക നൽകിയതെന്ന് കാണുന്നു.

2) കരാറുകാരൻ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയറുടെ അംഗീകാരത്തോടെ മാത്രമേ തെരുവ് വിളക്കുകളുടെ പരിപാലനം നടത്താൻ പാടുള്ളൂ. പ്രവൃത്തിക്ക് കെ.എസ്.ഇ.ബി യിൽ നിന്ന് അനുമതി ലഭിച്ചതായി കാണുന്നില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.
3) പദ്ധതി വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതായി കാണുന്നില്ല.

4) പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ചുള്ള തെരുവ് വിളക്ക് മെയിന്റനൻസ്/പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മേൽ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒരു തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തീയ്യതി, പ്രവർത്തനരഹിതമായ വിളക്ക്/പ്രദേശം, വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് സൂക്ഷിക്കേണ്ട രജിസ്റ്റർ പരിപാലിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ ആകെ എണ്ണം, ഇനം കണക്കാക്കി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 26/21-22/31.03.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിൽ ടെണ്ടർ/കരാർ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്. തെരുവ് വിളക്ക് സ്റ്റോക്ക്, മെയിന്റനൻസ് രജിസ്റ്ററുകൾ തയ്യാറാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-31 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

ജി.ഒ(എം.എസ്)നം.72/2017/ത.സ്വ.ഭ.വ/29.03.2017, സ.ഉ(കൈ)നം.11/2018/തസ്വഭവ/29.01.2018 ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമ സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ 13 വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പേരിന് മാത്രം യോഗം ചേരുന്നതായി കണ്ടു. 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 04.02.21നും 19.02.21നും യോഗം ചേർന്നതായി കാണുന്നു. ഇതിൽ ആരോഗ്യം, ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യനീതി, വിദ്യാഭ്യാസം കലയും സംസ്കാരവും എന്നിവയുടെ ഒഴികെയുള്ള എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 19.02.21 ലെ യോഗത്തിലെ ചർച്ചകളും തീരുമാനങ്ങളും മിനുട്സിൽ രേഖപ്പെടുത്തുകയോ മിനുട്സ് ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല. 19.02.21 ശേഷം ഇതുവരെ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതായി കാണുന്നില്ല.

ഓരോ പദ്ധതികൾക്കും അംഗീകാരം ലഭിച്ചതിന് ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ മോണിറ്ററിംഗും പഞ്ചായത്തിൽ കാര്യക്ഷമമല്ല എന്ന് കാണുന്നു. പദ്ധതി ഫയലുകളിലൊന്നും മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത്. ഓരോ പ്രോജക്ടുകളുടെയും നിർവ്വഹണം വിലയിരുത്തുകയോ ആയതിന്റെ ഫലപ്രാപ്തി ഉറപ്പ് വരുത്തുകയോ ചെയ്തതായി മിനുട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഓഡിറ്റ് എൻക്വയറി നം. 22/21-22/30.03.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലകൾ നിർവ്വഹിക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.

## 1-32 സ്കൂളുകൾക്ക് കായികോപകരണങ്ങൾ - വിതരണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | 132/22, സ്കൂളുകൾക്ക് കായികോപകരണങ്ങൾ വാങ്ങൽ (So) |
| ചെലവ് തുക | 3,88,980 (പ്ലാൻ ജനറൽ) |
| ബിൽ നം. | BRN211511520323001145З0/26.05.21 |

| | |
|---|---|
| നിർവ്വഹണം | ഹെഡ് മിസ്ട്രസ്സ് |

പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലേക്ക് കായികോപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. ടെണ്ടർ നടപടിയിലൂടെ അഫ്സൽ മെറ്റൽസ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് ഇൻവോയിസുകൾ പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| ഇൻവോയിസ് നം.13/തീയതി വെച്ചിട്ടില്ല, 275480/- | | |
| 1 | BSA സൈക്കിൾ ബോയിസ് | 18 |
| 2 | BSAസൈക്കിൾ ബോയിസ് | 18 |
| 3 | ഫുട്ബാൾ | 50 |
| 4 | വോളിബോൾ | 20 |
| 5 | ഷട്ടിൽ ബാറ്റ് | 100 |
| 6 | ഷട്ടിൽ നെറ്റ് | 4 |
| 7 | വോളിബോൾ നെറ്റ് | 4 |
| 8 | ഷട്ടിൽ കോർക്ക് | 400 |
| 9 | കാരംസ് ബോർഡ് (30x30) | 20 |
| 10 | പാമ്പും ഏണി | 40 |
| 11 | സ്കിപ്പിംഗ് റോപ് | 40 |
| ഇൻവോയിസ് നം.2/17.09.20, 114400/- | | |
| 1 | ബേബി സ്ലൈഡർ സ്റ്റീൽ | 3 |
| 2 | മാരിഗോ റൗണ്ട് സ്റ്റീൽ | 3 |
| 3 | ഊഞ്ഞാൽ | 4 |
| 4 | കാരംസ്ബോർഡ് മീഡിയം | 20 |
| 5 | സ്കിപ്പിംഗ് റോപ് | 40 |

ഉപകരണങ്ങൾ GUPS മങ്കട പള്ളിപ്പുറം, GUPS കുട്ടിലങ്ങാടി, GLPS വള്ളിക്കാപറ്റ, GLPS പടിഞ്ഞാറ്റുംമുറി എന്നീ സ്കൂളുകൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ലഭ്യമായ ഉപകരണങ്ങൾസ്റ്റോക്കിലെടുക്കുകയും സ്കൂളുകൾ കൈപ്പറ്റിയ സാധനങ്ങളുടെ ലിസ്റ്റ് സക്ഷിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥ സൂക്ഷിച്ചിട്ടുള്ള വിതരണ ലിസ്റ്റും സ്കൂളുകളിൽ നിന്ന് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററും തമ്മിൽ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| സ്കൂളിന്റെ പേര് | ഇനം | നിർവ്വഹണ ഉദ്യോഗസ്ഥ സൂക്ഷിച്ചിട്ടുള്ള വിതരണ ലിസ്റ്റ് പ്രകാരം വിതരണം ചെയ്ത എണ്ണം | സ്കൂൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ എണ്ണം |
|---|---|---|---|
| GUPSമങ്കട പള്ളിപ്പുറം | കാരംസ്ബോർഡ് | 10 എണ്ണം | 5 എണ്ണം |
| | സ്കിപ്പിംഗ് റോപ് | 20 എണ്ണം | ലഭിച്ചിട്ടില്ല |
| GUPS | കാരംസ്ബോർഡ് | 10 എണ്ണം | 5 എണ്ണം |

| | | | |
|---|---|---|---|
| കുട്ടിലങ്ങാടി | സ്കിപ്പിംഗ് റോപ് | 20 എണ്ണം | ലഭിച്ചിട്ടില്ല |

ഓഡിറ്റ് എൻക്വയറി നമ്പർ 19/21-22/29.03.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം വിതരണം ചെയ്ത സാധനങ്ങൾ ഭൗതിക പരിശോധന നടത്തി സ്കൂളുകളിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി യഥാർത്ഥത്തിൽ സ്കൂളുകൾക്ക് ലഭ്യമായ സാധനങ്ങൾ കണക്കാക്കി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-33 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതി-അപാകതകൾ.

പദ്ധതി നം. : 130/2021-22 SO

നിർവ്വഹണം : അസി.സെക്രട്ടറി

അടങ്കൽ : 162781/-വികസന ഫണ്ട് SCP

ചെലവ് : 162781/-

ബിൽ നം. : 02/16-09-2021

അസി. സെക്രട്ടറി 2020-21ൽ നിർവ്വഹണം നിർവ്വഹണം നടത്തിയ 45/2020-21 പദ്ധതി പ്രകാരം പട്ടികജാതി കുടുംബങ്ങൾക്ക് 12.10.2020ലെ A2.4871/2019(1) നമ്പർ ടെണ്ടർ മുഖേന പി.വി.സി വാട്ടർ ടാങ്ക് വാങ്ങി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച്, 10.11.2020ന് ടെണ്ടർ അംഗീകരിച്ചതായും ഗുണഭോക്തൃ വിഹിതം അടവാക്കുന്ന മുറക്ക് സപ്ലേ ഓർഡർ നൽകുന്നതാണെന്നും അറിയിപ്പ് കത്ത് സ്ഥാപനത്തിന് നൽകി. ശേഷം 29.03.21ന് വാട്ടർ ടാങ്കുകൾ ഇലക്ഷന് ശേഷം വിതരണം ചെയ്യാനാവശ്യപ്പെട്ട് കത്ത് നൽകുകയും തുടർന്ന് 15.06.21ന് സപ്ലേ ഓർഡർ നൽകിയതിൽ, ടെണ്ടർ ദൃഢതാ കാലം അവസാനിച്ചതിനാലും സെക്കന്ഡറി കരാർ വെക്കാത്തതിനലും വില വർദ്ധനവ് നേരിട്ടതിനാലും വിതരണം ചെയ്യാൻ കഴിയില്ല എന്നറിയിച്ചു. തുടർന്ന് കുറവ് തുക രേഖപ്പെടുത്തിയ രണ്ടാമത്തെ സ്ഥാപനമായ BS GST ഏജൻസീസ് കുറ്റിപ്പുറം എന്ന സ്ഥാപനത്തിന് ഒന്നിന് 2759/- രൂപ നിരക്കിൽ 59 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുന്നതിന് 01.07.2021ന് എ2.4871/2019 നമ്പർ കത്ത് നൽകി.

ടി സ്ഥാപനത്തിന്റെ 09.08.2021ലെ 9 നമ്പർ ഇൻവോയ്സ് പ്രകാരം 59 വാട്ടർ ടാങ്കുകളുടെ വിലയായി 162781 രൂപ മേൽ ബിൽ പ്രകാരം അനുവദിച്ചു. ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ തുറക്കുന്ന സമയത്ത് ആയവ തുറക്കുന്ന ക്രമത്തിൽ ടെണ്ടർ താരതമ്യ പട്ടിക തയ്യാറാക്കേണ്ടതാണ്. ആയത് തയ്യാറാക്കിയിട്ടില്ല.

2) വാട്ടർ ടാങ്കുകൾ വിതരണം ചെയ്തത് സംബന്ധിച്ച് സ്ഥാപനത്തിന്റെ ഡെലിവറി ചലാൻ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ രജിസ്റ്ററിൽ കൈപ്പറ്റ് തിയതി രേഖപ്പെടുത്താതെ ഒപ്പ് വെക്കുകയാണ് ചെയ്തത്. ക്രമ നം .21 ആയുള്ള ശ്രീ. ഹരിദാസൻ കെ, S/o അപ്പുണ്ണി എന്നവർ കൈപ്പറ്റിയതായി ഒപ്പ് വെച്ചിട്ടില്ല.

3) 59 വാട്ടർ ടാങ്കുകൾ വിതരണം ചെയ്തതിന്റെ പണം സ്ഥാപനത്തിന് നൽകിയെങ്കിലും ഗുണഭോക്താക്കൾ ഒപ്പ് വെച്ച രജിസ്റ്റർ പ്രകാരം 58 പേർ മാത്രമാണ് വാട്ടർ ടാങ്ക് കൈപ്പറ്റിയത്. ഒരു വാട്ടർ ടാങ്ക് വിതരണം ചെയതതായി കാണുന്നില്ല.

4) ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായ കരാർ ചമച്ചിട്ടില്ല. ടെണ്ടർ അംഗീകരിച്ചാൽ വിതരണ നിബന്ധനകളും കരാർ ലംഘനത്തിൻമേലുള്ള നിയമ നടപടികളും ഒരു എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. വിതരണത്തിനായി കത്ത് നൽകിയ രണ്ട് സ്ഥാപനങ്ങളുമായും കരാർ ചമച്ചിട്ടില്ല. ആയതിനാൽ തന്നെ ആദ്യം വിതരണം ഉത്തരവ് നൽകിയ ആസിം എന്ന സ്ഥാപനത്തിനെതിരെ ഗ്രാമപഞ്ചായത്തിന് നിയമ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരാൻ കാരണമായി.

5) സ്ഥാപനത്തിന്റെ 23.10.2020ലെ ടെണ്ടർ പ്രകാരം വാട്ടർ ടാങ്കുകൾക്ക് 15 വർഷ വാറണ്ടിയോട് കൂടി ഒന്നിന് 2759 രൂപ നിരക്കാണ് രേഖപ്പെടുത്തിയത്. വാറണ്ടി ഉറപ്പ് വരുത്തുന്നതിന് കരാർ നിബന്ധനകൾ വെക്കുകയോ ഗുണഭോക്താക്കൾക്ക് വാറണ്ടി കാർഡ് വിതരണം ചെയ്തതായോ ഫയലിൽ രേഖയില്ല

6) വാറണ്ടി ഉറപ്പ് വരുത്തുന്നതിന് കരാറിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും ഗുണഭോക്താക്കൾക്ക് പ്രത്യേക ബിൽ/വാറണ്ടി സ്ലിപ്പോ മറ്റോ നൽകാത്തതിനാലും, വിതരണം ചെയ്ത ശേഷം വാറണ്ടി കാലാവധിക്കുള്ളിൽ കേടുപാടുകൾ സംഭവിക്കുന്ന മുറക്ക് ഗുണഭോക്താക്കൾക്ക് വാറണ്ടി ലഭ്യമാവാതെ വരുന്നതാണ്.

7) ടെണ്ടർ നോട്ടീസിലെ നിബന്ധനകൾ പ്രകാരം സപ്ലേ ഓർഡർ നൽകി 10 ദിവസത്തിനകം സാധനം വിതരണം ചെയ്യേണ്ടതായിരുന്നു. ആയത് പാലിക്കാതിരുന്നിട്ടും ആയവ തെരഞ്ഞെടുപ്പിന് ശേഷം വിതരണം ചെയ്യാനാവശ്യപ്പെട്ട് 29.03.21ന് ആണ് പിന്നീട് കത്ത് നൽകിയത്. യഥാസമയം തുടർനടപടി സ്വീകരിക്കാത്തതിനാലാണ് ടി പദ്ധതി സ്പിൽ ഓവറായി 2021-22ലേക്ക് വരാൻ കാരണം. ആയതിനാൽ തന്നെ മുൻവർഷത്തിൽ ടി തുക ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്തത്.

8) ടെണ്ടർ ദൃഢത കാലം 5 മാസമായിരുന്നു ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയത്. ആയത് കഴിഞ്ഞിട്ടും തൊട്ടടുത്ത വർഷത്തെ പദ്ധതിയായിരുന്നിട്ടും പുതിയ ടെണ്ടർ വിളിക്കാതെ കാലാവധി കഴിഞ്ഞ ടെണ്ടറിലെ രണ്ടാമത്തെ സ്ഥാപനമായ BS GST ഏജൻസീസ് എന്ന സ്ഥാപനത്തിന് ഭരണസമിതിയുടെയോ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ അംഗീകാരം ലഭ്യമാക്കാതെയാണ് സപ്ലേ ഓർഡർ നൽകിയത്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 02/2021-22/28.03.2023ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 25.03.2023മുതൽ 31.03.2023 വരെയുള്ള ഓഡിറ്റ് വേളയിൽ പരിശോധിച്ച | 2021-22ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1000000 | ഭിന്നശേഷി സ്കോളർഷിപ്പ് | 4/22 | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2720000 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 89/22 | 2720000 | 0 |
| ജില്ലാ പഞ്ചായത്ത് | 63750 | നെൽകൃഷിക്ക് കൂലിച്ചെലവ് | 224/22 | 63750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 63750 | നെൽകൃഷിക്ക് കൂലിച്ചെലവ് | 224/22 | 48875 | 0 |
| | 523863 | ഭിന്നശേഷി സ്കോളർഷിപ്പ് | 4/22 | 523863 | 0 |
| | 500000 | വയോജനങ്ങൾക്ക് കട്ടിൽ | 5/22 | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 600000 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 89/22 | 600000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം., തീയതി | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 253/22, മോതി പമ്പ് ഹൗസിന് ട്രാൻസ്ഫോർമർ കുടിവെള്ള പദ്ധതിക്ക് വൈദയുതി ലൈൻ നീട്ടൽ | 22101020/30.3.2022 | 4,25,000 | 0 | UC ലഭ്യമാക്കിയിട്ടില്ല | 4,25,000 |
| കേരള വാട്ടർ അതോറിറ്റി | 257/22, കുടിവെള്ള പദ്ധതി പമ്പിംഗ് ശേഷി വർദ്ധിപ്പിക്കൽ | 22101021/30.3.2022 | 10,00,000 | 0 | UC ലഭ്യമാക്കിയിട്ടില്ല | 10,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | Life Mission Housing Scheme | | 700000 | 4080309 | 410667 | 0 | 4369642 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2931556 |
| തൻവർഷം നിക്ഷേപിച്ച തുക | 274477 |
| ആകെ | 3206033 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3206033 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

2021-22

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, കുട്ടിലങ്ങാടി | 3206033 | 0026060485/10 /12/2021 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2019-20 | 1-12 -4(1) | 50 | അജ്മൽ സഫീർ ഇബ്രാഹീം | 121040102222/24-09-2021 |
| 2019-20 | 1-12 -4(2) | 70 | വീരാൻ പി.കെ | 121040102223/24-09-2021 |
| 2019-20 | 1-12 -4(3) | 160 | ബഷീർ.കെ.സി | 121040102224/24-09-2021 |
| 2019-20 | 1-12 -4(4) | 80 | കുഞ്ഞിമുഹമ്മദ് | 121040102225/24-09-2021 |
| 2019-20 | 1-12 -4(5) | 200 | അബ്ദുസമദ് ടി.കെ | 121040102226/24-09-2021 |
| 2019-20 | 1-12 -4(6) | 70 | നൌഷാദ്.എൻ.കെ | 121040102227/24-09-2021 |
| 2019-20 | 1-12 -4(8) | 50 | ഫൈസൽ പി.ടി | 121040102228/24-09-2021 |
| 2019-20 | 1-12 -4(9) | 30 | ചേലക്കര മുഹമ്മദ് | 121040102229/24-09-2021 |
| 2019-20 | 1-12 -4(10) | 40 | ജിഷാദ് കെ.പി | 121040102230/24-09-2021 |
| 2019-20 | 3(16) | 48 | എ.ദാസൻ | 121030101022/24-09-2021 |
| ആകെ | | 798 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2003-04 ഖണ്ഡിക 3(9) | 2007-08 | പൊതു ആവശ്യത്തിന് സ്ഥലം വാങ്ങൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | നടപടി തുടരുന്നു |
| 2014-15 ഖണ്ഡിക 2(3) | 2016-17 | | നടപടി തുടരുന്നു |
| 2019-20 1(20) | 2020-21 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | നടപടി തുടരുന്നു |
| 2019-20 1(21) | 2020-21 | വാർഡ്തല ശുചീകരണ പ്രവർത്തനങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 7556962 |
| ഓഡിറ്റ് വർഷത്തെ വരവ് | 110948216 |
| ആകെ | 118505178 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 95292451 |
| നീക്കിയിരിപ്പ് | 23212727 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2129214 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല. | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 56,000 | ഡോ.ഫാത്തിമ.എം ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-23 | 1,37,300 | ഡോ.ഫാത്തിമ.എം ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-25 | 4,60,914 | ശ്രീ. സരസ്വതി.കെ.കെ . ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-28 | 14,25,000 | ശ്രീ.രാജേഷ്.എം, സെക്രട്ടറി |
| 1-29 | 50,000 | ശ്രീ.രാജേഷ്.എം, സെക്രട്ടറി |
| | 2129214 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1997-98 | കെ.എസ്.എ.എം.പി.എം24/897/19(1) | 27 |
| 2 | 1998-99 | കെ.എസ്.എ.എം.പി.എം24/897/19(2) | 15 |
| 3 | 1999-00 | കെ.എസ്.എ.എം.പി.എം24/2263/21 തിയതി 26/09/2022 | 30 |
| 4 | 2000-01 | കെ.എസ്.എ.എം.പി.എം24/2263/21 തിയതി 26/09/2022 | 11 |
| 5 | 2001-02 | കെ.എസ്.എ.എം.പി.എം24/2263/21 തിയതി 26/09/2022 | 21 |
| 6 | 2002-03 | കെ.എസ്.എ.എം.പി.എം24/2263/21 തിയതി 26/09/2022 | 14 |
| 7 | 2003-04 | കെ.എസ്.എ.എം.പി.എം24/2263/21 തിയതി 26/09/2022 | 3 |
| 8 | 2006-07 | കെ.എസ്.എ.എം.പി.എം24/320/22തിയതി 24/09/2022 | 4 |
| 9 | 2007-10 | കെ.എസ്.എ.എം.പി.എം24/1842/19തിയതി 10.9.2021 | 8 |
| 10 | 2011-12<br>2012-13 | എൽഎഫ് എം 24/1106/2015 തിയതി 30-06-2015 | 7 |
| 11 | 2013-14<br>2014-15 | കെ എസ് എ എംപിഎം 24/2102/2016തിയതി 01-07-2017 | 17 |
| 12 | 2015-16 | കെ.എസ്.എ.എം.പി.എം.-24/27/2017 തിയ്യതി: 24-02-18 | 18 |
| 13 | 2016-17 | കെ.എസ്.എ.എം.പി.എം.24/2901/2018 തിയ്യതി: 6.8.2019 | 22 |
| 14 | 2017-18 | കെ.എസ്.എ.എം.പി.എം.24/1423 /2019തിയ്യതി:16.62020 | 13 |
| 15 | 2018-19 | കെ.എസ്.എ.എം.പി.എം.24/518/2020 തിയ്യതി: 3.9.2020 | 12 |
| 16 | 2019-20 | കെ.എസ്.എ.എം.പി.എം.24/570/2021 തിയ്യതി: 26-03-2021 | 32 |
| 17 | 2020-21 | കെ.എസ്.എ.എം.പി.എം.24/1277/2022തിയ്യതി: 21.6.2022 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്